കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksa.kerala.gov.in

# ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2016-2017

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.4/1651/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, കണ്ണൂർ,
ഫോൺ: 0497-2707698,
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി : 13-10-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്-2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്. |

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത്രാജ് നിയമം വകുപ്പ് 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15

ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997-ലെ കേരളാ പഞ്ചായത്ത്‌രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 21(1) (2) ചട്ടങ്ങൾ എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇമെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

...

നം.കെ.എസ്.എ/കെ.എൻ.ആർ./സി4/1651/2017.

തീയതി : 13-10-2017.

കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ

2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

ആമുഖം

ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 22-09-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 16 അന്വേഷണക്കുറിപ്പുകളിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | : | ശ്രീ.ജോൺമനോഹർ, ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13-09-2017 മുതൽ 22-09-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|

| | |
|---|---|
| ശ്രീമതി.രമണി കിഴക്കീൽ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ.ഷഹീൻ പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സബിത. കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾഃ

| | | |
|---|---|---|
| പ്രസിഡണ്ട് | അഡ്വ. ജോസഫ് ഐസക് | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.രാജേഷ് കെ.കെ. | 01-04-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ.നവാസ് ഡി. | 01-04-2016 | 31-03-2017 |
| വി.ഇ.ഒ. | ശ്രീ.ബിജു കെ. പി. | 01-04-2016 | 31-03-2017 |
| വെറ്ററിനറി സർജൻ | ഡോ.ഷിജു എസ്.വി. | 01-04-2016 | 31-03-2017 |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ഡോ.ജി.രാജഗോപാൽ | 01-04-2016 | 31-03-2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മുൻഷിദ് എൻ.ടി. | 01-04-2016 | 31-03-2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ധന്യ ചന്ദ്രൻ | 01-04-2016 | 31-03-2017 |
| അസി. എഞ്ചിനീയർ | ശ്രീ.കലേഷ്.കെ | 01-04-2016 | 31-03-2017 |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീ.അരുൺ രേണുകാദേവി | 01-04-2016 | 31-03-2017 |
| അസി. സെക്രട്ടറി | ശ്രീ.റോബർട്ട് ജോസഫ് | 01-04-2016 | 31-03-2017 |
| ഹെഡ് മാസ്റ്റർ | ശ്രീമതി.മോളി.എ.ജെ. | 01-04-2016 | 31-03-2017 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| ഭാഗം 1 –പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തനത് വരുമാനം | |
| 8 | 1-8 | ക്ഷേമ പദ്ധതികൾ | |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ | |
| 11 | 1-11 | ഗ്രാമസഭകൾ | |
| 12 | 1-12 | വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും | |
| 13 | 1-13 | ആഭ്യന്തര നിയന്ത്രണ സംവിധാനം | |
| ഭാഗം 2 –വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | 2-1 | വസ്തു നികുതി -24.57 ലക്ഷത്തോളം കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ് | |
| 16 | 2-2 | ഡി & ഒ ലൈസൻസ് അപാകങ്ങൾ | |
| 17 | 2-3 | തൊഴിൽ നികുതി അപാകതകൾ | |

| | | | |
|---|---|---|---|
| 18 | 2-4 | റേഷൻ കടകളിൽ നിന്നും ഡി & ഒ ലൈസൻസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല | |
| 19 | 2-5 | സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നില്ല | |
| 20 | 2-6 | മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല | |
| 21 | 2-7 | ദുരിതാശ്വാസ നിധി | |
| 22 | 2-8 | ഇ-ടെണ്ടർ -ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ് | |
| ഭാഗം 3 –ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 23 | 3-1 | ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി ലഭിച്ചുവെന്ന് കർഷകർ ഉറപ്പു വരുത്തുന്നില്ല. 5,28,021/- രൂപ തടസ്സപ്പെടുത്തുന്നു | |
| 24 | 3-2 | പാലിയേറ്റീവ് ഹോം കെയർപരിചരണം അപാകങ്ങൾ- 23,180/- രൂപ നിരാകരിക്കുന്നു. 1,49,600/- രൂപ തടസ്സപ്പെടുത്തുന്നു | |
| 25 | 3-3 | മെയിൻറനൻസ് ഗ്രാൻറ് വിനിയോഗം സർക്കാർ നിർദ്ദേശം പാലിച്ചില്ല 83,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 26 | 3-4 | മേൽക്കൂര മാറ്റൽ പ്രവൃത്തി ഭവന പുനരുദ്ധാരൺ പ്രൊജക്ടിൽ ഉൾപ്പെടുത്തിയതിനാൽ 10,000/- രൂപ തടസ്സപ്പെടുത്തുന്നു | |
| ഭാഗം 4 –പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 27 | 4-1 | നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ | |

| | | | |
|---|---|---|---|
| 28 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 29 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 30 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 31 | 4-5 | വായ്പ/വായ്പ തിരിച്ചടവ് | |
| 32 | 4-6 | സ്ഥിരനിക്ഷേപങ്ങൾ | |
| 33 | 4-7 | ഓഡിറ്റ് റിക്കവറി | |
| 34 | 4-8 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | |
| 35 | 4-9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 36 | 4-10 | ഓഡിറ്റ് പ്രത്യവലോകനം | |
| 37 | 4-11 | ഓഡിറ്റ് ഇംപാക്ട് | |
| 38 | 4-12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| 39 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 40 | അനുബന്ധം-2 | Income & Expenditure Statement | |
| 41 | അനുബന്ധം-3 | Receipt & Payment Statement | |
| 42 | അനുബന്ധം-4 | Balance Sheet | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റിൻെറയും പുതുക്കിയ ബജറ്റിൻെറയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം<br>2016-17 | പുതുക്കിയ ബജറ്റ്<br>2016-17 |
|---|---|---|
| തീരുമാനം നമ്പർ തീയതി | 35/16(1) dtd.01-03-2016 | 1/1 dtd.28-03-2017 |
| മുന്നിരിപ്പ് | 66,20,326 | 3,38,69,083 |
| വരവ് | 1,88,01,820 | 15,17,94,777 |
| ആകെ | 2,54,22,146 | 18,56,63,860 |
| ചെലവ് | 2,25,77,550 | 15,55,65,082 |
| നീക്കിയിരിപ്പ് | 28,44,596 | 3,00,98,778 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31-07-2017 | 30-05-2017 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 19-09-2017 | ഇതേ റിപ്പോർട്ട് നമ്പർ തീയതി | വിശേഷണങ്ങളോടു കൂടിയത് |

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് നല്കിയ സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ:

1) സാക്ഷരത, ടോട്ടൽ സാനിറ്റേഷൻ എന്നീ ബാങ്ക് അക്കൗണ്ടുകളുടെ പലിശ വരവ് അതേ ഹെഡ്ഡിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.

2) RP 43 ഷെഡ്യൂളിൽ കാണിച്ച Rent received from building (current) രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

3) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടക കുടിശ്ശിക

വാർഷിക കണക്കിൽ ഡിമാന്റ് ചെയ്യുകയോ കുടിശ്ശിക രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4) പൂർത്തീകരിക്കാത്ത കെ.എസ്.ഇ.ബി. ഡെപ്പൊസിറ്റ് പ്രവൃത്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) മുൻ വർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ ബി 11 ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6) ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാത്തതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

7) സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ബില്ലുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായ നികുതി, ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

8) 5 ലക്ഷത്തിലധികം അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ പ്രകാരമുള്ള ടെണ്ടർ ഫോറം വില, ഇ.എം.ഡി. തുക എന്നിവ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ലഭിക്കാനുണ്ടെങ്കിലും ആയവ ലഭിക്കാനുള്ള തുകയായി വാർഷിക കണക്കിൽ കാണിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2015-2016 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,49,27,924 |
| വരവ് | 3,59,55,837 |
| ആകെ | 5,08,83,761 |
| ചെലവ് | 3,50,32,724 |
| നീക്കിയിരിപ്പ് | 1,58,51,037 |

# 1-5 ഫണ്ട് വിനിയോഗം 2016-2017

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട് മെന്റ് | മുന്നിരിപ്പ് | തൻവർഷത്തെ അലോട്ട് മെന്റ് | ആകെ | ചെലവ് | സഞ്ചിത നിധി യിലേക്ക് തിരികെ പ്പോയ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 10159082 | 0 | 10159082 | 10159082 | 7479742 | 2679340 | 73.63 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 2573000 | 0 | 2572656 | 2572656 | 1435434 | 1137222 | 55.8 |
| വികസന ഫണ്ട് (ടി.എസ്.പി) | 8000 | 0 | 7845 | 7845 | 7845 | 0 | 100 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 7467000 | 0 | 7467150 | 7467150 | 5050623 | 2416527 | 67.64 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 2897000 | 0 | 2897223 | 2897223 | 2623864 | 273359 | 90.56 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5037000 | 0 | 5697221 | 5697221 | 1837723 | 3859498 | 32.26 |
| എം.എൻ.ആർ. ഇ.ജി.എസ്. | 32550000 | 0 | 12091817 | 12091817 | 12091267 | 550 | 99.9 |
| ബി ഫണ്ട് | - | 0 | 33575475 | 33575475 | 33575475 | - | 100 |
| ലോകബാങ്ക് സഹായം | - | 0 | 3058375 | 3058375 | 490085 | 2568290 | 16.02 |
| ആകെ | 60691082 | 0 | 77526844 | 77526844 | 64592058 | 12934786 | 83.32 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തിയാക്കിയവയുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | പദ്ധതി ചെലവ് |
|---|---|---|---|---|---|---|---|---|
| 2016-17 | 152 | 5,01,20,223 | 98 | 6 | 54 | 92 | 68.42 | 2,31,89,286 |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 28 | 15 | 55,68,951 | 28,99,677 | 52 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അസി.സെക്രട്ടറി | 11 | 8 | 16,42,500 | 12,02,500 | 73 |
| 3 | അസി.എഞ്ചിനീയർ | 79 | 45 | 3,04,81,438 | 9,66,3812 | 32 |
| 4 | കൃഷി ഓഫീസർ | 2 | 2 | 10,26,400 | 6,89,509 | 67 |
| 5 | വി.ഇ.ഒ. | 7 | 6 | 25,99,250 | 13,75,412 | 53 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 46,43,046 | 36,21,235 | 78 |
| 7 | മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 6 | 5 | 8,65,600 | 7,91,543 | 91 |
| 8 | വെറ്ററിനറി സർജ്ജൻ | 4 | 3 | 14,20,962 | 12,22,546 | 86 |
| 9 | മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 2 | 2 | 3,10,000 | 3,09,969 | 99 |
| 10 | മെഡിക്കൽഓഫീസർ (ഹോമിയോ) | 2 | 1 | 1,80,000 | 1,20,000 | 67 |
| 11 | ഹെഡ് മാസ്റ്റർ | 6 | 6 | 13,82,076 | 12,93,083 | 93.56 |
| | ആകെ | 152 | 98 | 5,01,20,223 | 2,31,89,286 | 46.27 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 25.82 ശതമാനം വർദ്ധനവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 32,55,551 | 43,21,537 | 10,65,986 | 32.74 |
| നികുതിയേതര വരവുകൾ | 10,26,912 | 10,19,031 | (-)7,881 | (-)0.77 |
| മറ്റു വരവുകൾ (ഇനം തിരിച്ച്) | 2,47,889 | 3,59,779 | 1,11,890 | 45.13 |
| ആകെ | 45,30,352 | 57,00,347 | 11,69,995 | (+)25.82 |

## 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-2017 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽ രഹിത വേതനം | 1,45,560 | 77 |
| കർഷക തൊഴിലാളി പെൻഷൻ | 27,36,040 | 263 |
| വിധവാ പെൻഷൻ | 64,72,470 | 499 |
| വാർദ്ധക്യകാല പെൻഷൻ | 2,17,31,735 | 1665 |
| വികലാംഗ പെൻഷൻ | 21,94,620 | 209 |
| അവിവാഹിത പെൻഷൻ | 2,95,050 | 26 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-06-2017 | 01-04-2017 മുതൽ 31-05-2017 വരെ | 14-09-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-01-2016 മുതൽ 16-01-2016 വരെ | 2010-11 മുതൽ 2014-15 വരെ | 20-02-2016 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-09-2017-ന് 10.40 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,492/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭകൾ

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 14 വാർഡുകളിലെയും ഗ്രാമസഭാ മിനിട്സ് ഹാജരാക്കിയത് പരിശോധിച്ചു. ഓഡിറ്റ് കാലയളവിൽ 12, 13 വാർഡുകളിലൊഴികെയുള്ള വാർഡുകളിൽ 2 തവണ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. 12, 13 വാർഡുകളിൽ 3 ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. മിക്കവാറും എല്ലാ ഗ്രാമസഭായോഗങ്ങളിലും ക്വാറം തികഞ്ഞിട്ടുണ്ടെങ്കിലും നിയമപ്രകാരം ആവശ്യമായ കുറഞ്ഞ പങ്കാളിത്തം മാത്രമേ പല യോഗങ്ങളിലും ഉണ്ടായിട്ടുള്ളൂ. വാർഷിക പദ്ധതി റിപ്പോർട്ട് അവതരണം, വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്കുള്ള മുൻഗണനാക്രമം നിശ്ചയിക്കൽ, പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഗ്രാമസഭായോഗങ്ങളിൽ ഫലപ്രദമായി നടത്തിയിട്ടുണ്ട്.

കേരളാ പഞ്ചായത്ത്രാജ് ആക്ട് വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. തുടർച്ചയായി രണ്ട് തവണ ഗ്രാമസഭ ചേരാതിരുന്നാൽ പ്രസ്തുത അംഗം അയോഗ്യനാക്കപ്പെടും എന്നതിനാൽ മേൽ വകുപ്പ് പ്രകാരമുള്ള ഗ്രാമസഭയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവഹിക്കുന്നതിനായി ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിന് വാർഡ് മെമ്പർ ശ്രദ്ധിക്കേണ്ടതാണ്.

2003-ലെ കേരള പഞ്ചായത്ത്രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായത്തിന് അപേക്ഷിച്ചവരുടെയും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയവരുടെയും വിവരങ്ങൾ ഗ്രാമസഭയിൽ അറിയിക്കേണ്ടതുണ്ട് എന്നത് പാലിക്കപ്പെട്ടിട്ടില്ല.

ഗവ. സർക്കുലർ 57414/ഡി.പി.1/03/ത.സ്വ.ഭ.വ. തീയതി 25-06-2003 പ്രകാരം ഓരോ തലത്തിലേയും പെൻഷനുകൾ സംബന്ധിച്ച് വ്യാപകമായ പ്രചരണം ഗ്രാമസഭാ തലത്തിൽ നടത്തേണ്ടതും അർഹരായ അപേക്ഷകൾ ഗ്രാമസഭയിൽ വച്ച് അംഗീകാരം തേടേണ്ടതുമാണ് എന്നതും പാലിക്കപ്പെട്ടിട്ടില്ല. ഗ്രാമസഭാ മിനിട്സ് തയ്യാറാക്കുമ്പോൾ ധാരാളം പേജുകൾ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു. ഇത് ശരിയായ നടപടിയല്ല. ഇത്തരം അപാകങ്ങൾ ഭാവിയിൽ സംഭവിക്കാതിരിക്കാനും ഗ്രാമസഭയിൽ ജനപങ്കാളിത്തം വർദ്ധിപ്പിച്ച് ഗ്രാമസഭയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും

വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിൽ പദ്ധതി രൂപീകരണം, നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവയിൽ സുപ്രധാന പങ്കു വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം സംബന്ധിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിൽ (ജി.ഒ(എം.എസ്)4/2016/തസ്വഭവ 11-01-2016) പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി ആസൂത്രണത്തിനായി വിവിധ വിഷയ മേഖലകൾക്ക് അനുബന്ധം 1(1), 1(2) എന്നിവയിൽ പറഞ്ഞ പ്രകാരം 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ 21-01-2016-ന് പുതുതായി രൂപീകരിച്ച 13 വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ടെങ്കിലും പിന്നിട് 09-02-2017 മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. യോഗത്തിലെ അംഗങ്ങളുടെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പൊതുവെ ക്വാറം തികയാനുള്ള പങ്കാളിത്തം മാത്രമേ ഉണ്ടാകുന്നുള്ളൂ. പദ്ധതി മാർഗ്ഗരേഖ ഖ:11(3) പ്രകാരം ഓരോ വർക്കിംഗ് ഗ്രൂപ്പും പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് അനുബന്ധം 5(1) ൽ പറഞ്ഞ പ്രകാരമുള്ള ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന് നല്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയതായി മിക്ക വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മിക്ക വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സ് എഴുതി പൂർത്തിയാക്കിയിട്ടുമില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി മോണിറ്റർ ചെയ്തിട്ടുള്ളതു സംബന്ധിച്ച വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി - 24.57 ലക്ഷം കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ 2015-16-ൽ 20.57 ലക്ഷം രൂപ കുടിശ്ശിക പിരിച്ചെടുക്കാനുണ്ടായിരുന്നു. എന്നാൽ തൻവർഷം ഇതിൽ നിന്നും 7,19,692/- രൂപ മാത്രമാണ് പിരിച്ചെടുത്തത്. 2016-17-ൽ കുടിശ്ശിക അടക്കം ആകെ 24,57,898/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. തനത് ഫണ്ട് പിരിക്കുന്നതിലെ വീഴ്ചയും നികുതി കുടിശ്ശിക വർദ്ധിച്ചു വരുന്നതും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് അപാകങ്ങൾ

1) ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല:

1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി സമർപ്പിച്ച 350 അപേക്ഷകളിൽ ഒരു അപേക്ഷ പോലും മേൽ സമയക്രമം പാലിച്ച് സമർപ്പിച്ചിട്ടില്ല. പഞ്ചായത്തിൽ ലഭിച്ച അപേക്ഷകൾക്ക് ലൈസൻസ് നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| അപേക്ഷ സമർപ്പിച്ച മാസം | ലൈസൻസ് നൽകിയവയുടെ എണ്ണം |
|---|---|
| 04/16 | 17 |
| 05/16 | 34 |
| 06/16 | 27 |
| 07/16 | 30 |
| 08/16 | 22 |
| 09/16 | 55 |
| 10/16 | 64 |
| 11/16 | 26 |
| 12/16 | 23 |
| 01/17 | 15 |
| 02/17 | 16 |
| 03/17 | 30 |

1994-ലെ പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 232(1) പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലം ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ ലൈസൻസ് യഥാസമയം പുതുക്കാത്ത സ്ഥാപനങ്ങൾ ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചതായി കണക്കാക്കി 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 തൊഴിൽ നികുതി അപാകതകൾ

എ) സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല:

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ബി & ബി പെട്രോളിയം, ചെമ്പേരി

2) ചെമ്പേരി ഫ്യൂവൽസ്, ചെമ്പേരി

3) സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ചെമ്പേരി

4) കള്ള് ഷാപ്പ് (ചെമ്പേരി, മുയിപ്ര, പൂപ്പറമ്പ)

5) ബി.എസ്.എൻ.എൽ.

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/17, തീയതി 19-09-2017-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

ബി) കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല:

പഞ്ചായത്ത് പരിധിയിലുള്ള കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

## 2-4 റേഷൻ കടകളിൽ നിന്നും ഡി & ഒ ലൈസൻസ്, സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1-ലെ ക്രമ നം. 149 അനുസരിച്ച് റേഷൻ കടകളിൽ നിന്നും ഡി & ഒ ലൈസൻസ് എടുക്കേണ്ടതും, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 204, 205 വകുപ്പുകളും 1996-ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനത്തിന് സ്ഥാപന തൊഴിൽ നികുതി ഈടാക്കണം എന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഒരു റേഷൻ കടകളുടെയും ഡി & ഒ ലൈസൻസോ, സ്ഥാപന തൊഴിൽ നികുതിയോ ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/17തീയ്യതി 20-09-2017-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, ഡി & ഒ ലൈസൻസും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (സ്വകാര്യ ആശുപത്രികളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. 2016-17 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഡി & ലൈസൻസ്, ഹോസ്പിറ്റൽ രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കുന്നില്ല.

1) വിമലാ മിഷൻ ഹോസ്പിറ്റൽ, ചെമ്പേരി

2) ചെമ്പേരി ഡെന്റൽ ക്ലിനിക്ക്

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കാനിടയായത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കേണ്ടതും, പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് യഥാസമയം റിപ്പോർട്ട് നല്കാൻ വാർഡുകളുടെ ചുമതലയുള്ള കലക്ഷൻ സ്റ്റാഫിന് രേഖാമൂലം നിർദ്ദേശം നൽകേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ആകെ 10 മൊബൈൽ ടവറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ഇവയിൽ 4 എണ്ണത്തിന് മാത്രമാണ് വസ്തു നികുതി ഈടാക്കുന്നത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/17, 18-08-2017-ന് ലഭ്യമാക്കിയ മറുപടിയിൽ നിന്നും ഗ്രാമപഞ്ചായത്തിൽ 10 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായും ഇതിൽ 4 എണ്ണത്തിനു മാത്രമേ വസ്തു നികുതി ഈടാക്കുന്നുള്ളു എന്നുമാണ്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ 6 മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇത്തരത്തിൽ വർഷങ്ങളോളം അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരങ്ങളൊന്നും തന്നെ ഫീൽഡ് സ്റ്റാഫ് റിപ്പോർട്ട് ചെയ്യാതിരുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. മൊബൈൽ ടവറുകളുടെ വസ്തുനികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നികുതിയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം ഉണ്ടാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകൾക്കും അവ പ്രവർത്തിക്കാൻ തുടങ്ങിയ വർഷം മുതലുള്ള വസ്തു നികുതി ഡിമാന്റ് ചെയ്ത് (ടവറുകളുടെ ടവർ സ്പാനിന്റെ തറ വിസ്തീർണ്ണം ഉൾപ്പെടെ) നാളിതു വരെയുള്ള കുടിശ്ശിക (നിയമപരമായ പിഴ ഉൾപ്പെടെ) ഈടാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 ദുരിതാശ്വാസനിധി

കേരളാ പഞ്ചായത്ത്രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ 2003 പ്രകാരം എരുവേശ്ശി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപവൽക്കരിച്ചിട്ടുണ്ട്. പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് (അക്കൗണ്ട് നം. 5700) ഏരുവേശ്ശി സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും തൻവർഷം വരവോ ചെലവോ ഉണ്ടായിട്ടില്ല.

2016-17 വർഷത്തെ ദുരിതാശ്വാസ നിധി കണക്കിന്റെ സംക്ഷിപ്ത വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 15,533 |
| വരവ് | 0 |
| പലിശ | 628 |

| | |
|---|---:|
| ആകെ | 16,161 |
| ചെലവ് | 0 |
| നീക്കിയിരിപ്പ് | 16,161 |

ദുരിതാശ്വാസ നിധിയുടെ ഫണ്ട് ശേഖരണവും വിനിയോഗവും ഫലപ്രദമായും ജനോപകാരപ്രദമായും നടത്തിക്കൊണ്ടു പോകുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-8 ഇ-ടെണ്ടർ -ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്

2016-17 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ടെണ്ടറുകളുടെ, ടെണ്ടർ ഫോറം വില 1,06,575/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്ഷീരസഹകരണ സംഘം വഴിവിതരണം ചെയ്യുന്ന പാലിന് സബ്സിഡി കർഷകർക്ക് ലഭിച്ചുവെന്ന് ഉറപ്പ് വരുത്തിയിട്ടില്ല 5,28,021/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പ്രോജക്ട് നമ്പർ/പേര് –146/2017 മിൽമ ക്ഷീരസഹകരണ സംഘം വഴിവിതരണം ചെയ്യുന്ന പാലിന് സബ്സിഡി

അടങ്കൽ – 7,05,277 (5,28,277 വികസന ഫണ്ട് -ജനറൽ,
.. 1,77,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് - ബിൽ നമ്പർ 3/07-03-2017 – 1,56,870/-
. ബിൽ നമ്പർ 4/07-03-2017 - 1,48,038/-
. ബിൽ നമ്പർ 5/30-03-2017 - 1,43,768/-
. ബിൽ നമ്പർ 6/30-03-2017 - 79,345/-

ആകെ - 5,28,021/-

ജി.ഒ.(ആർ.ടി)50/2017/ത.സ്വ.ഭ.വ. തീയതി 07-01-2017 പ്രകാരം ക്ഷീര കർഷകർക്ക് ഒരു

ലിറ്റർ പാലിന് പരമാവധി 4/- രൂപ വരെ സബ്സിഡി നല്കാവുന്നതാണ്. ക്ഷീരവികസന വകുപ്പ് 1/- രൂപയാണ് സബ്സിഡി നല്കുന്നതെങ്കിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികമായി സബ്സിഡി നല്കാവുന്നതാണ്. എന്നാൽ തദ്ദേശസ്ഥാപനങ്ങളും ക്ഷീരവികസന വകുപ്പും ചേർന്ന് 4/- രൂപയിൽ അധികരിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ജി.ഒ.(ആർ.ടി)397/2017/ത.സ്വ.ഭ.വ. തീയതി 13-02-2017 പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4/- രൂപ മാത്രമേ നല്കുന്നുള്ളുവെന്നത് ഉറപ്പാക്കേണ്ടത് ഡയറി ഫാം ഇൻസ്പെക്ടറുടെ ചുമതലയാണ്. ഒരു കർഷകന് പരമാവധി കൊടുക്കാവുന്ന തുകയായ (തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം ) 20,000/- രൂപയിൽ കവിയുന്നില്ല എന്ന് ഡയറി ഫാം ഇൻസ്പെക്ടർ ഉറപ്പ് വരുത്തണം.

പ്രോജക്ട് പ്രകാരം 4 ഘട്ടങ്ങളിലായാണ് ക്ഷീര കർഷകർക്ക് ധനസഹായം നല്കിയത്. ബിൽ നമ്പർ 3/07-03-2017 1,56,870/-, ബിൽ നമ്പർ 4/07-03-2017 1,48,038/- എന്നിവ പ്രകാരം കർഷകരുടെ അക്കൗണ്ടിൽ നേരിട്ട് തുക കൈമാറുകയാണ്. എന്നാൽ കർഷകർ തുക കൈപ്പറ്റിയതിന് രശീത് ഹാജരാക്കിയിട്ടില്ല.

അടുത്ത ഘട്ടത്തിൽ തുക ക്ഷീര വികസന സഹകരണ സംഘങ്ങൾക്ക് കൈമാറുകയാണ് ചെയ്തത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ഷീര വികസന സഹകരണ സംഘത്തിന്റെ പേര് | ബിൽ നമ്പർ 5/30-03-2017 1,43,768/- | ബിൽ നമ്പർ 6/30-03-2017 79,345/- |
|---|---|---|---|
| 1 | പൊട്ടൻപ്ലാവ് | 36,856 | 16,743 |
| 2 | കുടിയാൻമല | 18,236 | 11,000 |
| 3 | വലിയ അരീക്കാമല | 47,554 | 24,279 |
| 4 | കുനിയൻ പുഴ | 8,781 | 5,663 |
| 5 | പയസ് മൗണ്ട് | 15,389 | 9,628 |
| 6 | മുയിപ്ര | 16,952 | 12,032 |

ക്ഷീര വികസന സഹകരണ സംഘങ്ങൾക്ക് തുക ലഭിച്ചതിന്റെയല്ലാതെ സംഘങ്ങൾ കർഷകർക്ക് തുക വിതരണം ചെയ്തതിൻെറ സ്റ്റേറ്റ്മെന്റ്, തുക കർഷകർ കൈപ്പറ്റിയതിന് രശീത് എന്നിവ ഹാജരാക്കിയിട്ടില്ല.

നാലു ഘട്ടങ്ങളിലായി കർഷകർക്ക് വിതരണം ചെയ്ത തുകകളുടെ പ്രോഗ്രസ്സീവ് ടോട്ടൽ രേഖപ്പെടുത്താതെയാണ് അടുത്ത ഘട്ടത്തിലെ തുക വിതരണം ചെയ്തത്. ഇത് കാരണം ഏതെങ്കിലും കർഷകന് അനുവദിക്കാവുന്ന പരമാവധി സബ്സിഡിയിൽ

